# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ

## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 59/2020 (വെള്ളിയാഴ്ച)** **തീയ്യതി:09.10.2020**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 10.10.2020 | 11.10.2020 | 12.10.2020 | 13.10.2020 | 14.10.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 15 | 12 | 10 | 12 | 11 |
| ഉയർന്ന താപനില (°C) | 32 | 32 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 24 | 24 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 10 | 12 | 12 | 16 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 270 | 250 | 250 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 8 | 8 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ മുതൽ മിതമായ മഴ വരെ ഉണ്ടാകാൻ സാധ്യത. കൂടിയ താപനില 33 °C വരെയും കുറഞ്ഞ താപനില 24 °C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: കൃഷിയിടങ്ങളിൽ പുതയിടൽ നടത്തി ജലസംരക്ഷണം ഉറപ്പു വരുത്തുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ/ വിളപരിപാലനം | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| മരച്ചീനി | നടീൽ | നല്ല രീതിയിൽ മഴ ലഭിക്കുന്ന സ്ഥലങ്ങളിൽ കപ്പ നടുന്നതിനു അനുയോജ്യമായ സമയമാണിത്. ഒരു മൂട് കപ്പയ്ക്ക് ഏകദേശം ഒരു കിലോഗ്രാം ജൈവവളം, 50 ഗ്രാം റോക്ഫോസ്ഫേറ്റ്, ഇനത്തിനനുസരിച്ചു യൂറിയ, പൊട്ടാഷ് എന്നിവ പകുതി വീതവും മണ്ണിൽ ചേർത്തിളക്കി ഉയർന്ന കൂനകൾ നിർമിച്ചതിനു ശേഷം 15 - 20 സെന്റീമീറ്റർ നീളത്തിൽ ആരോഗ്യമുള്ള കപ്പക്കമ്പുകൾ 5 സെന്റീമീറ്റർ മണ്ണിൽ താഴ്ത്തി നടുക. ശാഖകൾ ഉണ്ടാകുന്ന സാധാരണ ഇനങ്ങൾ ഏകദേശം ഒരു മീറ്റർ അകാലത്തിൽ വേണം കൂനകൾ നിർമ്മിച്ച് നടാൻ. അടുപ്പിച്ചുള്ള നന മരച്ചീനിക്ക് ദോഷം ചെയ്യുന്നതിനാൽ കൃത്യമായ നീർവാർച്ച സൗകര്യമൊരുക്കി ആവശ്യാനുസരണം മണ്ണിൽ നനവ് ഉറപ്പുവരുത്തുക. |
| കാബേജ്/ കോളിഫ്ലവർ | നടീൽ | ക്യാബേജ്, കോളിഫ്ലവർ എന്നിവയുടെ, സമതലങ്ങളിൽ നടുന്നതിനു അനുയോജ്യമായ നാംദാരി വിത്തിനങ്ങൾ പ്രോട്രേകളിൽ പാകി മുളപ്പിക്കുന്നതിനു യോജിച്ച സമയമാണ്. പ്രോട്രേകളിൽ ചകിരിച്ചോറും ട്രൈക്കോഡെർമ സമ്പുഷ്ട ജൈവവളവും നിറച്ചു വിത്തുകൾ പാകുന്നത് ആരോഗ്യമുള്ള വേരുകൾ ഉണ്ടാകുന്നതിനും തൈചീയൽ രോഗത്തെ പ്രതിരോധിക്കുന്നതിനും വിളകളെ സഹായിക്കുന്നു. |
| നെല്ല് | ഗാളീച്ച | നെൽപാടങ്ങളിൽ ഗാളീച്ചയുടെ ആക്രമണം കണ്ടുവരുന്നു. നടുനാമ്പ് വെള്ളി നിറത്തിലുള്ള കുഴൽ പോലെ രൂപപ്പെടുന്നതാണ് ഇതിന്റെ ലക്ഷണം. ആക്രമണം കണ്ടുവരുന്ന പാടങ്ങളിൽ ഫിപ്രോനിൽ 0.3G ഒരു ഏക്കറിന് 4 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ | ഞാറ്റടിയിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യുഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വച്ച ശേഷം നടുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. |